(ബി) സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ച ബൃഹത്തായ ഈ വിദ്യാർത്ഥിക്ഷേമ പദ്ധതിയിലൂടെ പൊതുവിദ്യാഭ്യാസ മേഖലയിലെ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകി മേഖലയിലെ വിവേചനം അവസാനിപ്പിക്കുകയാണ് ലക്ഷ്യമിടുന്നത്.

(സി) യൂണിഫോം പദ്ധതിക്കായി 60 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) അടിയന്തരമായി യൂണിഫോം വിതരണം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം

29 (2500) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ട്. 150 കുട്ടികൾവരെയുള്ള സ്കൂളുകളിൽ സ്കൂൾ പ്രവർത്തിദിനം ദിവസം 200/രൂപ നിരക്കിലും 150-ന് മുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ 200 രൂപക്കുപുറമെ കുട്ടിയൊന്നിന് 25 പൈസ നിരക്കിൽ പരമാവധി 250 രൂപ വീതം നൽകി വരുന്നു. നിലവിലുള്ള നിരക്ക് വർദ്ധിപ്പിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകൾ

30 (T2501) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിൽ അഡ്വൈസ് ചെയ്ത 80-ൽ പരം ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) പലർക്കും നിയമന ശുപാർശ ലഭിച്ച് ഒരു വർഷമായിട്ടും നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) പല സർക്കാർ വിദ്യാലയങ്ങളിലും ആവശ്യമായ അദ്ധ്യാപകരില്ലാത്ത സാഹചര്യത്തിൽ ഈ അദ്ധ്യയന വർഷാരംഭംതന്നെ ഇവർക്ക് നിയമനം നൽകുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ;

(ഡി) പി. എസ്. സി. യുടെ നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് എന്നത്തേക്ക് നിയമനം നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) 2014-15 വർഷത്തെ തസ്തിക നിർണ്ണയപ്രകാരം ജില്ലയിൽ 371 പ്രൈമറി അദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെടുകയും ഇവർ തസ്തിക ലഭ്യമല്ലാതെ ജോലി ചെയ്യുകയുമാണ്. അതിനാലാണ് അഡ്വൈസ് ലഭിച്ചവർക്ക് നിയമനം നൽകുവാൻ സാധിക്കാത്തത്. എൻ.സി.എ. റാങ്ക് ലിസ്റ്റിൽനിന്നും പി.എസ്.സി. ശിപാർശ ചെയ്ത ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) വ്യക്തമായ ഒഴിവ് ഉണ്ടാകുന്നമുറയ്ക്ക് നിയമനം നൽകാൻ കഴിയുന്നതാണ്.

രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ പദ്ധതി (RUSA)

31 (2507) ശ്രീ. ജി. സുധാകരൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ പദ്ധതിയായ 'രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻവഴി സംസ്ഥാനത്തിന് നാമമാത്രമായ ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly